(ബി) ശരണ്യ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ 38,80,00,000 രൂപ (മുപ്പത്തിഎട്ട് കോടി എൺപത് ലക്ഷം രൂപ) പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

(സി) ശരണ്യ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ 14 ജില്ലകളിലായി ആകെ 9460 വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**നൈപുണ്യ പ്രോത്സാഹന പദ്ധതി**

**202 (5005)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ഹംസ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ ബജറ്റിൽ നൈപുണ്യ പ്രോത്സാഹനം മുൻഗണനാ പരിപാടിയായി ഉൾപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നല്കുമോ ;

(സി) ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപ്രകാരം ഏതൊക്കെ വകുപ്പുകൾ തങ്ങളുടെ ബജറ്റ് വിഹിതത്തിന്റെ ഒരു ശതമാനം വീതം ഈ പദ്ധതിക്കായി നീക്കിവച്ചെന്നും, ആകെ എത്ര തുക ഈ പരിപാടിക്കായി ചെലവഴിച്ചെന്നും അറിയിക്കാമോ ;

(ഇ) ഈ പരിപാടിയിൻകീഴിൽ വിവിധ തൊഴിൽദായക പദ്ധതികൾവഴി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികളായ വ്യോമയാനത്തിലും മറ്റ് നൈപുണ്യ മേഖലകളിലും സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകുന്നതിനായി തിരുവനന്തപുരത്ത് ഒരു ടെക്നിക്കൽ സെന്റർ ആരംഭിക്കുന്നതിനും 3 ഡി നിർമ്മാണം ഫൈബർ ഒപ്റ്റിക്സ് എന്നീ രംഗങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ 20 കോടി രൂപ പ്രഖ്യാപിച്ചുവെങ്കിലും ഈ തുക വകയിരുത്തിയിട്ടില്ല.

എന്നാൽ KASE സമർപ്പിച്ച proposal-ന്റെ അടിസ്ഥാനത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ മറ്റ് പദ്ധതികൾക്കായി 23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൾട്ടിസ്കിൽ, സെക്യൂരിറ്റി സ്കിൽ, എന്റർപ്രണർഷിപ്പ് എന്നീ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് 4 കോടി രൂപയും ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ് എന്നിവയ്ക്ക് 4 കോടി രൂപയും കൗശൽ കേന്ദ്ര തുടങ്ങുന്നതിന് 2.5 കോടി രൂപയും പരമ്പരാഗത മേഖലയിൽ നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നതിനും KASE ന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി 2.5 കോടി രൂപയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) തുടങ്ങുന്നതിന് 5 കോടി രൂപയും സേവന മേഖലയിൽ നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നതിന് 5 കോടി രൂപയും അനുവദിച്ച തുകകൾ അതത് മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവരുന്നു.

(സി) ഉണ്ട്. ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമോഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കൊല്ലം ജില്ലയിലെ ചവറയിൽ ആദ്യ കൗശല കേന്ദ്രം പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ജില്ലയിലും പാലക്കാട് ജില്ലയിലും കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവിധ നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കുന്ന മുറയ്ക്ക് അതത് മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly